"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ നിയമാനുസൃതമല്ലാത്ത കൗൺസിൽ തീരുമാനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1860/2024/LSGD    തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/05/2024 തീയതിയിലെ LSGD/PD/19703/2024-AR4 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടാമ്പി നഗരസഭയുടെ 22/04/2024 തീയതിയിലെ കൗൺസിൽ യോഗത്തിൽ അജണ്ട നമ്പർ 23 തെരുവ് വിളക്കുകളുടെ പരിപാലനത്തിന് തുക അനുവദിച്ചത് സംബന്ധിച്ച് കൗൺസിലർമാർ വിയോജനം രേഖപ്പെടുത്തി സെക്രട്ടറിയുടെ അഭിപ്രായം ഉൾപ്പെടെ പരാമർശ പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2. പട്ടാമ്പി നഗരസഭയിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ പേരിലുള്ള ഭീമമായ തുക ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകിയ നടപടി ചട്ടവിരുദ്ധമാണെന്നും, അനുമതി നൽകി മാസങ്ങൾക്ക് ശേഷമാണ് ടി വിഷയം അജണ്ടയായി നിശ്ചയിച്ചിട്ടുള്ളത് എന്നും ചൂണ്ടിക്കാട്ടിയാണ് കൗൺസിലർമാർ വിയോജനം രേഖപ്പെടുത്തിയിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 57 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 191 (271-ജി) പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് മേൽ വിഷയം അയച്ചുകൊണ്ട് ഉത്തരവാകുന്നു.

4. സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 22/04/2024 തീയതിയിലെ തീരുമാനം നമ്പർ 23 നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം (ഫയൽ നം.ഡി.ബി.3/206/2024-തസ്വഭവ ന.ഫ പേജ് - 4, കു.ഫ പേജ് - 19)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, പട്ടാമ്പി മുനിസിപ്പാലിറ്റി, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 05-10-2024 15:04:12